| | പത്രക്കുറിപ്പ് | 2018<br>ജൂലൈ<br>02<br>വ്യാഴം |
|---|---|---|

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് - കേരള സർക്കാർ, www.prd.kerala.gov.in

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോഴിക്കോട് 0495 2370225, dio.prd@gmail.com

## സ്വച്ഛ്സർവേഷൻ ഗ്രാമീൺ 2018: ജനപ്രതിനിധികൾക്ക് പരിശീലനം നൽകി

സ്വച്ഛ്സർവേഷൻ ഗ്രാമീൺ 2018 ന്റെ ഭാഗമായി ജനപ്രതിനിധികൾക്കുള്ള ഏകദിന പരിശീലനം കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ബാബുപറശ്ശേരി ഉദ്ഘാടനം ചെയ്തു. പൊതുഇടങ്ങൾ ശുചീകരിക്കുന്ന ഉദ്യമത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മത്സരബുദ്ധിയോടെ നോക്കികാണണമെന്ന് അദ്ദേഹം പറഞ്ഞു. ജില്ലാ കലക്ടർ യു.വി ജോസ് അധ്യക്ഷത വഹിച്ചു. ഈ മാസം പത്തിനകം ശുചീകരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ തദ്ദേശസ്വയംഭരണ മേധാവികൾക്കും ജനപ്രതിനിധികൾക്കും നിർദ്ദേശം നൽകി. ശുചീകരണ പ്രക്രിയയിൽ പാലിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ച് ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ സി.കബനി ക്ലാസെടുത്തു. അസി.കലക്ടർ എസ്.അഞ്ജു, ഹരിതമിഷൻ ജില്ലാ കോർഡിനേറ്റർ പി.പ്രകാശ് തുടങ്ങിയവർ പങ്കെടുത്തു.

## പാൽ ഉപഭോക്തൃ മുഖാമുഖം ഇന്ന്

പാൽ ഉത്പാദന വിതരണ രംഗത്തുള്ള അനാരോഗ്യ പ്രവണതകളെക്കുറിച്ചും പാൽ ഗുണനിലവാര നിയന്ത്രണ രീതികളെക്കുറിച്ചും പൊതുജനങ്ങളെ അവബോധ രാക്കുന്നതിന് ക്ഷീരവികസന വകുപ്പ് ഉപഭോക്തൃ മുഖാമുഖം സംഘടിപ്പിക്കും. ഇന്ന് (ആഗസ്റ്റ് 3) രാവിലെ 10 മണിക്ക് ടൗൺഹാളിൽ നടക്കുന്ന പരിപാടി മേയർ തോട്ട ത്തിൽ രവീന്ദ്രൻ ഉദ്ഘാടനം ചെയ്യും. കോർപ്പറേഷൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ കെ.വി ബാബുരാജ് അധ്യക്ഷത വഹിക്കും. സെമിനാറിൽ പാൽ ഉത്പാദ കരിൽ നിന്ന് ഉപഭോക്താക്കളിലേക്ക് എന്ന വിഷയത്തിൽ മിൽമ സീനിയർ മാനേജർ കെ.സി ജയിംസ്, ഭക്ഷ്യസുരക്ഷ നിയമവും പാൽ ഉപഭോക്താക്കളും എന്ന വിഷയ ത്തിൽ ജോൺ തോമസ് എന്നിവർ ക്ലാസെടുക്കും.

## ഹിന്ദി ബി.എഡ് കോഴ്സ്

പി.എസ്.സി അംഗീകരിച്ച ഡിപ്ലോമ ഇൻ ലാംഗ്വേജ് ട്രെയിനിംഗിന് ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷിക്കാം. ഹിന്ദി ബിരുദം, എം.എ പ്രവീൺ, സാഹിത്യാചാര്യ ജയി ച്ചവർക്ക് അപേക്ഷിക്കാം. പട്ടികജാതി മറ്റർഹ വിഭാഗത്തിന് ഇളവ് ലഭിക്കും. അവ സാന തീയതി ആഗസ്റ്റ് 21. ഫോൺ : 04734 226028. 8547126028.

## എംപ്ലോയബിലിറ്റി സെന്ററിൽ അഭിമുഖം

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എംപ്ലോയബിലിറ്റി സെന്ററിൽ വിവിധ സ്വകാര്യസ്ഥാപനങ്ങളിൽ നിയമനത്തിനായുള്ള അഭിമുഖം നാളെ (ആഗസ്റ്റ് 4) രാവിലെ 10:30ന് നടക്കും. 35 വയസിൽ താഴെ പ്രായമുള്ള പ്ലസ്ടു, ബിരുദം, ബിരുദാനന്തരബിരുദം യോഗ്യതയുള്ളവർക്കു പങ്കെടുക്കാം. ബിസിനസ് ഡവല

പ്മെന്റ് എക്സിക്യൂട്ടീവ്, ഫിനാൻസ് എക്സിക്യൂട്ടീവ്, സർവീസ്യാർഡ് & ഓപ്പറേഷൻ എക്സിക്യൂട്ടീവ്, സെയിൽസ് ഓഫീസർ, മാർക്കറ്റിംഗ് മാനേജർ, സോഫ്റ്റ്വെയർ ഓൺ സൈറ്റ് സപ്പോർട്ട് എക്സിക്യൂട്ടീവ്, ബിസിനസ് എക്സിക്യൂട്ടീവ്, ടാലി ടീച്ചിങ് ഫാക്കൽറ്റി എന്നീ തസ്തികകളിലെ നിയമനത്തിനായി താല്പര്യമുള്ളവർ ബയോഡാറ്റ സഹിതം എത്തണം. നിലവിൽ രജിസ്ട്രേഷൻ ഇല്ലാത്തവർക്ക് പുതുതായി രജിസ്റ്റർ ചെയ്തു അഭിമുഖത്തിൽ പങ്കെടുക്കാം. ഫോൺ : 0495 2370178/6

## സൗജന്യ എൻട്രൻസ് കോച്ചിംഗ്

മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന പട്ടികജാതി, വർഗ്ഗ വിദ്യാർഥികൾക്കായി പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ വാരാന്ത്യ കോച്ചിംഗ് ക്ലാസ് നടത്തും. താൽപ്പര്യമുള്ളവർ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ കോപ്പി, സ്കൂൾ പ്രിൻസിപ്പാളിൽ നിന്ന് ലഭിച്ച സാക്ഷ്യപത്രം, ജാതി സർട്ടിഫിക്കറ്റ് സഹിതം ഈ മാസം 10 നകം അപേക്ഷ നൽകണം. ഫോൺ : 0495 2381624.

## വിമുക്തഭടന്മാരുടെ മക്കൾക്ക് സ്കോളർഷിപ്പ്

ഈ അധ്യയന വർഷം പ്രൊഫഷണൽ ഡിഗ്രിക്ക് പഠിക്കുന്ന, വിമുക്തഭടന്മാരുടെ മക്കളിൽ നിന്നും പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ സമർപ്പണത്തിനും വിശദ വിവരങ്ങൾക്കും www.ksb.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അവസാന തീയതി നവംബർ 15. ഫോൺ : 0495 2771881.

## ചരിത്ര സാംസ്കാരിക മ്യൂസിയം ഉദ്ഘാടനം 16 ന്

കൊണ്ടോട്ടി മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയിൽ ചരിത്ര സാംസ്കാരിക മ്യൂസിയത്തിന്റെയും പുരാരേഖാ ഗ്യാലറിയുടെയും ഉദ്ഘാടനം ഈ മാസം 16 ന് രാവിലെ 10 മണിക്ക് മ്യൂസിയം പുരാരേഖാ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും. ടി.വി. ഇബ്രാഹിം എം.എൽ.എ, ടി.കെ. ഹംസ എന്നിവർ സംബന്ധിക്കും. ഫോൺ : 0483 2711432, 9847173451.

## വൃക്ഷത്തൈ പരിപാലന മത്സരം
## ഓണം ബക്രീദ് സമ്മാനപദ്ധതി ഒരുക്കും

ഹരിതകേരളം ഗ്രീൻക്ലീൻ കോഴിക്കോട് വൃക്ഷത്തൈ പരിപാലന മത്സരത്തിന്റെ ഭാഗമായി ഓണം ബക്രീദ് ആഘോഷത്തോടനുബന്ധിച്ച് ജില്ലാ അടിസ്ഥാനത്തിൽ ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിക്കും. ആഘോഷത്തോടനുബന്ധിച്ച് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന മത്സരങ്ങളുടെ വീഡിയോ www.GreenCleanEarth.org എന്ന വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്തവയിൽ നിന്നും മികച്ചതിനാണ് സമ്മാനങ്ങൾ നൽകുക.

ഓണം ബക്രീദ് ആഘോഷത്തോടനുബന്ധിച്ച് നടത്തുന്ന എല്ലാതരം മത്സരങ്ങളും പദ്ധതിയിൽ ഉൾപെടുത്താം. ആഘോഷങ്ങളിലും സന്തോഷ വേളകളിലും ഹരിതവൽക്കരണത്തിന്റെയും മാലിന്യ സംസ്കരണത്തിന്റെയും പ്രാധാന്യം എന്ന സന്ദേശമാണ് മത്സരത്തിലൂടെ പ്രചരിപ്പിക്കുന്നത്. ജില്ലയിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, സന്നദ്ധസംഘടനകൾ, മറ്റുസ്ഥാപനങ്ങൾ എന്നിവ വിവിധ ഗ്രൂപ്പുകളായാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. താല്പര്യമുള്ള സ്ഥാപനങ്ങൾ വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യാം. വിജയികൾക്ക് ഇന്ത്യൻ ഓയിൽ കോർപറേഷൻ നൽകുന്ന സൗജന്യ ഇന്ധന കാർഡുകൾ, മറ്റ് സ്ഥാപനങ്ങൾ നൽകുന്ന സ്വർണ്ണനാണയങ്ങൾ, സ്മാർട്ട്ഫോണുകൾ, ഗൃഹോപകരണങ്ങൾ, ജൈവമാലിന്യ സംസ്കരണ ഉപകരണങ്ങൾ, സോളാർ ഉപകരണങ്ങൾ, ബൾബുകൾ തുടങ്ങി സമ്മാനങ്ങൾ നൽകും.

സൗജന്യപെട്രോൾ കാർഡുകൾ ഇന്ത്യൻ ഓയിൽ കോർപറേഷൻ കോഴിക്കോട് ഡിവിഷണൽ ഓഫീസർ ടി. വിജയരാഘവൻ കോഴിക്കോട് ജില്ലാപഞ്ചായത്ത് പ്രസിഡണ്ടും ഗ്രീൻക്ലീൻ കോഴിക്കോട് ചെയർമാനുമായ ബാബുപറശ്ശേരിക്ക് കൈമാറി. ജില്ലാപഞ്ചായത്ത് സെക്രട്ടറി പി.ഡി. ഫിലിപ്, ഫിനാൻസ് ഓഫീസർ പി.പാർത്ഥസാരഥി. ജില്ലാ സോയിൽകൺസർവേഷൻ ഓഫീസർ ആയിഷ.കെ, എഡ്യുമാർട്ട് അസിസ്റ്റന്റ് മാനേജർ ഫഹദ്.പി, ഗ്രീൻ ക്ലീൻ കോർഡിനേറ്റർ ഇഖ്ബാൽ എന്നിവർ പങ്കെടുത്തു. മത്സരങ്ങളുടെ വിശദാംശങ്ങൾ അറിയാൻ www.GreenCleanEarth.org. 9645119474.

## ആഫ്റ്റർകെയർ പ്രോഗ്രാം : ധനസഹായത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചു

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ആഫ്റ്റർകെയർ പ്രോഗ്രാം പ്രകാരം മുൻ കുറ്റവാളികൾ, എക്സ്പ്യൂപ്പിൾ, പ്രൊബേഷണർമാർ, എക്സ് ഇൻമേറ്റ്സ്, അഞ്ച് വർഷത്തിലധികമായി ജയിലിൽ കഴിയുന്നവരുടെ ആശ്രിതർ എന്നിവരുടെ പുനരധിവാസം ലക്ഷ്യമിട്ട് സ്വയം തൊഴിൽ സംരഭങ്ങൾക്ക് ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുടുംബത്തിൽപെട്ടവർക്കാണ് ധനസഹായം അനുവദിക്കുക. പദ്ധതിയെ സംബന്ധിച്ച് വിശദവിവരങ്ങളും അപേക്ഷഫോറങ്ങളുടെ മാതൃകയും സിവിൽ സ്റ്റേഷനിലെ ജില്ലാ പ്രൊബേഷൻ ഓഫീസിൽ നിന്നും (ബി ബ്ലോക്ക്, അഞ്ചാം നില) ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ഈ മാസം 31 നകം ജില്ലാ പ്രൊബേഷൻ ഓഫീസിൽ എത്തിക്കണം. മുൻപ് ധനസഹായം ലഭിച്ചവർക്ക് വീണ്ടും അപേക്ഷിക്കാനാവില്ല. ഫോൺ 0495-2373575.

## താലൂക്ക് വികസന സമതി യോഗം നാലിന്

ആഗസ്റ്റ് മാസത്തെ കോഴിക്കോട് താലൂക്ക് വികസന സമിതി യോഗം ആഗസ്റ്റ് നാലിന് രാവിലെ 11 മണിക്ക് താലൂക്ക് കോൺഫറൻസ് ഹാളിൽ ചേരും. ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുക്കണമെന്ന് താലൂക്ക് വികസന സമിതി കൺവീനർ & തഹസിൽദാർ അറിയിച്ചു.

## ശുചിത്വ പക്ഷാചരണത്തിന് തുടക്കമായി

സ്വച്ഛ് ഭാരത് അഭിയാന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ശുചിത്വ പക്ഷാചരണത്തിന് തുടക്കമായി. സിവിൽ സ്റ്റേഷൻ പ്ലാനിംഗ് സെക്രട്ടേറിയറ്റ് ഹാളിൽ നടത്തിയ പക്ഷാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ബാബു പറശ്ശേരി നിർവ്വഹിച്ചു. തുടർന്ന് കളക്ടറേറ്റ് പരിസരത്ത് സംഘടിപ്പിച്ച ശുചിത്വ പരിപാടികളുടെ ഉദ്ഘാടനം എ.ഡി.എം ടി. ജനിൽ കുമാർ നിർവ്വഹിച്ചു. നെഹ്റു യുവ കേന്ദ്ര ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ എം. അനിൽ കുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ പി. ജയപ്രകാശ് സ്വാഗതവും സഹീൽ പാവണ്ടൂർ നന്ദിയും പറഞ്ഞു. ശുചിത്വ മിഷൻ കോ ഓർഡിനേറ്റർ സി. കബനി, ഹരിതകേരളം ജില്ലാ മിഷൻ കോ ഓർഡിനേറ്റർ പി. പ്രകാശൻ എന്നിവർ സംസാരിച്ചു. ആഗസ്റ്റ് ഒന്ന് മുതൽ 15 വരെയാണ് രാജ്യമെമ്പാടും ശുചിത്വ പക്ഷമായി ആചരിക്കുന്നത്. ശുചിത്വ പ്രവർത്തനങ്ങൾക്ക് പുറമെ, ബോധവൽക്കരണ പരിപാടികൾ, ശുചിത്വ സർവ്വേ തുടങ്ങിയവയും യൂത്ത് ക്ലബ്ബ്കളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കും. പങ്കെടുത്തവർ ശുചിത്വ പ്രതിജ്ഞയെടുത്തു.

(പടം ഉണ്ട്)

## റേഷൻകാർഡ് : അനർഹരെ കണ്ടെത്താൻ പരിശോധന ആരംഭിച്ചു

കൊയിലാണ്ടി താലൂക്കിൽ റേഷൻകാർഡുകളിലെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ കണ്ടെത്താൻ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം പരിശോധനകൾ ആരംഭിച്ചു. അത്തോളി ഗ്രാമപഞ്ചായത്തിലെ വേളൂരിൽ, ആഗസ്റ്റ് ഒന്നിന് നടത്തിയ പരിശോധനയിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്ന 11 കാർഡുൾപ്പെടെ 17 അനർഹമായ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റി.

നിരവധി ആളുകൾ അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വെച്ചിരിക്കുന്നു എന്നുള്ള പരാതികൾ ലഭ്യമായതിനാലാണ് പരിശോധന കർശനമാക്കിയിരിക്കുന്നത്. താലൂക്ക് സപ്ലൈ ഓഫീസർ റഷീദ് മുത്തുക്കണ്ടിയുടെ നേതൃത്വത്തിൽ റേഷനിംഗ് ഇൻസ്പെക്ടർമാരായ എം.പി ശ്രീജ, എം.ശ്രീജു, എ.കെ സതീഷ്ചന്ദ്രൻ എന്നിവരാണ് പരിശോധനാ സംഘത്തിലുണ്ടായിരുന്നത്.

പിടിക്കപ്പെടുന്ന കാർഡുടമകൾക്കെതിരെ പിഴ ഒടുക്കുന്നതിനോടൊപ്പം, നിയമ നടപടികളും സ്വീകരിക്കും. കാർഡുടമകൾക്ക് ഇനിയും താലൂക്ക് സപ്ലൈ ഓഫീസിൽ ഹാജരായി അനർഹമായ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിന് അവസരമുണ്ട്. വരും ദിവസങ്ങളിലും ഇതുമായി ബന്ധപ്പെട്ട പരിശോധനകൾ തുടരും.

## തപാൽ പെൻഷൻ അദാലത്ത്

പോസ്റ്റ് ഓഫീസുകൾ/ബാങ്കുകൾ വഴി പെൻഷൻ കൈപ്പറ്റുന്ന പോസ്റ്റൽ, ഫാമിലി പെൻഷൻകാർക്കായി തപാൽ വകുപ്പ് 2018 സെപ്റ്റംബർ 18ന് രാവിലെ 10ന് തപാൽ പെൻഷൻ അദാലത്ത് സംഘടിപ്പിക്കും. വടക്കൻമേഖലാ അദാലത്ത് കോഴിക്കോട് പോസ്റ്റ് മാസ്റ്റർ ജനറൽ ഓഫീസിൽ നടക്കും.

അദാലത്തിലേക്ക് പരാതി അയക്കാനാഗ്രഹിക്കുന്നവർ ബന്ധപ്പെട്ട മേഖലാ ഓഫീസിലേക്ക് ഈ മാസം 14 ന് മുൻപ് ലഭിക്കത്തക്ക വിധം അവ അയയ്ക്കേണ്ടതാണ്. പരാതികൾ അയയ്ക്കുന്ന കവറിനു പുറത്ത് '18092018 ലെ തപാൽ പെൻഷൻ അദാലത്ത്' എന്നു രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.keralapost.gov.in

# ഗ്രാമീണ മേഖലയിലെ യുവതി യുവാക്കൾക്ക്

# തൊഴിലവസരവുമായി അഴിയൂർ പഞ്ചായത്ത്

സൗജന്യ തൊഴിൽ പരിശീലന പദ്ധതിയായ ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോചന പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തല ശില്പശാല അഴിയൂർ പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ നടന്നു. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം കേരള സർക്കാറുമായി സഹകരിച്ച് നടപ്പിലാക്കുന്ന നൈപുണ്യ പദ്ധതിയാണ് ഡി.ഡി യു.ജി കെ.ഐ .

പരിശീലനം ലഭിക്കുന്നവരിൽ 70 ശതമാനം പേർക്ക് തൊഴിൽ ഉറപ്പു വരുത്തുന്നു എന്നതാണ് പദ്ധതിയുടെ പ്രത്യേകത. കേരളത്തിൽ പദ്ധതിയുടെ നടത്തിപ്പും മേൽ നോട്ടവും വഹിക്കുന്നത് കുടുംബ ശ്രീയാണ്. ഗ്രാമീണ മേഖലയിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള യുവതി യുവാക്കൾക്കാണ് അവസരം.

സി.ഡി.എസ് ചെയർ പേഴ്സൺ ബിന്ദു ജെയ്സൺ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് റീന രയരോത്ത് ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ടി.ഷാഹുൽ ഹമീദ് പദ്ധതി വിശദീകരിച്ചു. കുടുംബശ്രീ ബ്ലോക്ക് കോർഡിനേറ്റർ നിമ്യ സി.ഡിഎസ് മെമ്പർമാർ, വാർഡ് മെമ്പർമാർ എന്നിർക്കുള്ള ക്ലാസ് നൽകി.

**ഫോട്ടോഅടിക്കുറിപ്പ്**

1 സ്വഛ്സർവേഷൻ ഗ്രാമീൺ-ജനപ്രതിനിധികൾക്കുള്ള ഏകദിന പരിശീലനം കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ബാബുപറശ്ശേരി ഉദ്ഘാടനം ചെയ്യുന്നു.

2 ഗ്രീൻ ക്ലീൻ കോഴിക്കോട് വൃക്ഷത്തൈ പരിപാലന മത്സരം ഓണം ബക്രീദ് സമ്മാന പദ്ധതി വിജയികൾക്ക് ഇന്ത്യൻ ഓയിൽ കോർപറേഷൻ നൽകുന്ന സൗജന്യ പെട്രോൾ കാർഡുകൾ കോഴിക്കോട് ഡിവിഷണൽ ഓഫീസർ ടി. വിജയരാഘവൻ ജില്ലാപഞ്ചായത്ത് പ്രസിഡണ്ടും ഗ്രീൻക്ലീൻ കോഴിക്കോട് ചെയർമാനുമായ ബാബുപറശ്ശേരിക്ക് നൽകുന്നു.

3. സ്വച്ഛ് ഭാരത് അഭിയാന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ശുചിത്വ പക്ഷാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ബാബു പറശ്ശേരി നിർവ്വഹിച്ചു.

4. ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോചന പദ്ധതിയുടെ ഭാഗമായി അഴിയൂർ പഞ്ചായത്ത് ശില്പശാല സംഘടിപ്പിച്ചു.

അവസാനിച്ചു...